ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION



"പ്രാർത്ഥനയ്ക്കായുള്ള ഒരുക്കം"
(തിരുവചന ചിന്തകൾ)

AUGUST
2024

CONTENTS

- **തിരുവചന ചിന്തകൾ :**
  " പ്രാർത്ഥനയ്ക്കായുള്ള ഒരുക്കം " Page - 03

- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ** Page - 11

പ്രാർത്ഥനയ്ക്കായുള്ള ഒരുക്കം

(തിരുവചന ചിന്തകൾ)

ഏറെയൊന്നും ആമുഖം ആവശ്യമില്ലാത്ത വാക്കാണ് പ്രാർത്ഥന എന്നത്. ഏതൊരു മത വിശ്വാസിയും ദൈവത്തോടു തന്റെ ആവശ്യങ്ങൾ / പരാതികൾ / സങ്കടങ്ങൾ ഏറ്റുപറയുന്നതിനായി ഉപയോഗിക്കുന്ന എല്ലാ രീതികളെയും പ്രാർത്ഥന എന്നതുകൊണ്ട് അർത്ഥമാക്കാറുണ്ട്. എന്നാൽ, ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം എന്താണ് പ്രാർത്ഥന എന്നതാണ് നാം ചിന്തിക്കുവാൻ പോകുന്നത്.

'പ്രാർത്ഥന' എന്നത് പഠിക്കേണ്ടുന്ന ഒരു വിഷയമല്ലെന്നും നിവർത്തിക്കേണ്ടുന്ന ഒരു പ്രവൃത്തി ആണെന്നുമുള്ള സത്യം ലേഖകൻ മനസ്സിലാക്കുന്നു. എങ്കിലും, പ്രാർഥനയുടെ അന്തസത്ത നഷ്ടപ്പെടുത്തികൊണ്ടുള്ള ചില വാചാലതയെ സ്വയം തിരിച്ചറിയുവാനും ദൈവഹിതപ്രകാരം പ്രാർത്ഥിക്കുവാനുമായി നമ്മുടെ ഹൃദയത്തെ ഒരുക്കാൻ സഹായിക്കുന്ന ചില ചിന്തകൾ പങ്കുവയ്ക്കുക എന്ന ഉദ്യമത്തിലാണ് ലേഖകൻ ആയിരിക്കുന്നത്. ഇതിന്റെ രചനയിൽ അപൂർണ്ണങ്ങളായ ആശയങ്ങൾ ഉണ്ടായേക്കാം. പ്രാർത്ഥനയുടെ എല്ലാ തലങ്ങളെയും ഉൾകൊള്ളിക്കുവാൻ കഴിയാതെ പോയേക്കാം, എങ്കിലും ഇവിടെ പങ്കുവയ്ക്കുന്നചിന്തകൾ ഏവർക്കും അനുഗ്രഹമായും പ്രാർത്ഥനാജീവിതത്തിനു മുതൽകൂട്ടാവുകയും ചെയ്യട്ടെ എന്ന ആത്മാർത്ഥമായ പ്രാർത്ഥയോടെ എഴുതുന്നു.

ഒരു സാധാരണ ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം അവർ ആയിരിക്കുന്ന ക്രിസ്തീയ പാശ്ചാത്തലത്തിന്റെ / സഭയുടെ പ്രാർത്ഥനകളോടായിരിക്കാം അവർ ഏറ്റവും ചേർന്നുനിൽകുന്നത്. ഉദാഹരണമായി കത്തോലിക്ക സഭയുടെ / സുറിയാനി സഭകളുടെ 'പ്രാർത്ഥന ക്രമം' എന്ന പുസ്തകത്തിൽ അവർ അനുഷ്ഠിക്കേണ്ടതായുള്ള എല്ലാ പ്രാർത്ഥനകളും അടങ്ങിയിരിക്കുന്നു.

അവ ആവശ്യസാഹചര്യങ്ങളിൽ ചൊല്ലുവാൻ തക്കവണ്ണം തലക്കെട്ടുകളോടെ (ശീർഷകങ്ങളോടെ) ആ പുസ്തകത്തിൽ നൽകിയിരിക്കുന്നു. ദൈവവചനത്തിൽനിന്നുള്ള ഭാഗങ്ങൾ (പ്രാർത്ഥനയുടെ സാഹചര്യത്തോടു ചേർന്നുവരുന്നവ) അവിടെ നമുക്കു കാണുവാൻ കഴിയുന്നു. അതോടൊപ്പം കർത്തൃ പ്രാർത്ഥനയായ 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന് തുടങ്ങുന്ന പ്രാർത്ഥനയും ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇത് കൂടാതെ വ്യക്തിപരമായ പ്രാർത്ഥനയും (സ്വയം പ്രേരിത പ്രാർത്ഥന), മദ്ധ്യസ്ഥ പ്രാർത്ഥനകളും (മറ്റുള്ളവരുടെ പ്രത്യേക വിഷയങ്ങൾക്കായുള്ള പ്രാർത്ഥന) ഈ സമൂഹങ്ങളിലുണ്ട്.

എന്നാൽപെന്തക്കോസ്തു സഭ സമൂഹങ്ങളിൽ ഇത്തരമൊരു എഴുതപ്പെട്ട പ്രാർത്ഥന ക്രമം ലഭ്യമല്ല. മറിച്ചു, അവിടെ 'വചനത്തിന്റെ അടിസ്ഥാനത്തിൽനിന്നുകൊണ്ടു ദൈവഹിതപ്രകാരം പ്രാർത്ഥിക്കുക' എന്നതാണ് അടിസ്ഥാനമായ ആശയമായി എല്ലാ പ്രാർത്ഥനയിലും കണ്ടുവരുന്നത്. ഇവിടെ എഴുതപ്പെട്ട ഒരു പ്രാർത്ഥനാ ശൈലിയോ അനുവർത്തിച്ചുപോകേണ്ടതായ വ്യവസ്ഥകളോ ഇല്ല. മുൻപ് സൂചിപ്പിച്ചതുപോലെ ദൈവത്തോടുള്ള ബന്ധത്തിൽനിന്നും ഉരുവാകേണ്ടുന്ന വാക്കുകളാണ് പ്രാർത്ഥനയായി മാറേണ്ടുന്നത്.

സഭാവ്യത്യാസങ്ങൾ കൂടാതെ, ഇവിടെ നാം ചിന്തിക്കുന്നത് പരിശുദ്ധാത്മപ്രേരിത അഥവാ വ്യക്തിപരമായ പ്രാർത്ഥനയെക്കുറിച്ചാണ്. ഈ 'പ്രാർത്ഥനയുടെ യഥാർത്ഥ ദൈവീക ഉദ്ദേശം' എങ്ങനെ നമ്മുടെ ദൈനംദിന പ്രാർത്ഥനയിൽ പ്രതിഫലിക്കുന്നു എന്നതാണ്. കുറച്ചുകൂട്ടി വ്യക്തമായി പറഞ്ഞാൽ നമ്മുടെ പ്രാർത്ഥനകൾ താഴെപ്പറന്നയുന്ന ഘടകങ്ങൾ ഉൾക്കൊണ്ടതായിരിക്കണം.

പ്രാർത്ഥനയിൽ ഉണ്ടാകേണ്ടുന്ന ഘടകങ്ങൾ:

1.പൂർണ്ണമനസ്സോടെപ്രാർത്ഥിക്കുക
2.വിശ്വാസത്തോടെപ്രാർത്ഥിക്കുക
3.സമർപ്പണത്തോടെപ്രാർത്ഥിക്കുക
4.ദൈവശബ്ദത്തെചോദിച്ചുകൊണ്ട് പ്രാർത്ഥിക്കുക
5.നന്ദിപറഞ്ഞുപ്രാർത്ഥിക്കുക

6.നമ്മുടെ എല്ലാ പരാജയങ്ങളും കഴിവില്ലായ്മകളും ദൈവത്തോട് ഏറ്റുപറയുക
7.നമ്മുടെബുദ്ധിപറഞ്ഞുതരുന്ന പോംവഴികളെ ദൈവത്തിന്റെ കയ്യിൽ ഏല്പിക്കുക
8.നന്ദിനിറഞ്ഞഹൃദയത്തോടെ പ്രാർത്ഥിക്കുക
9.പ്രാർത്ഥനയിൽഉരുവിടുന്ന വാക്കുകൾ മനസ്സിലാക്കി പ്രാർത്ഥിക്കുക
10.ദൈവംആഗ്രഹിക്കുന്നതു പ്രാർത്ഥിക്കുക
11.ദൈവഹിതപ്രകാരംപ്രാർത്ഥിക്കുക
12.ദൈവവുമായുള്ളബന്ധത്തിൽ പ്രാർത്ഥിക്കുക
13.മടുത്തുപോകാതെപ്രാർത്ഥിക്കുക
14.കുറ്റപ്പെടുത്താതെ/മത്സരിക്കാതെ പ്രാർത്ഥിക്കുക
15.എല്ലാആത്മീയ കൃപകൾക്കും കൃപാവരങ്ങൾക്കുമായി പ്രാർത്ഥിക്കുക
16.ദൈവഹിതംനമ്മുടെ ജീവിതത്തിൽ വെളിപ്പെടുവാനായി പ്രാർത്ഥിക്കുക
17.ദൈവത്തോടുള്ളഅനുസരണയ്ക്കായി പ്രാർത്ഥിക്കുക
18.ജ്ഞാനത്തിനായിപ്രാർത്ഥിക്കുക
19.സ്വന്തവഴികൾ വേണ്ടെന്നുവയ്ക്കുവാനായി പ്രാർത്ഥിക്കുക
20. മറ്റുള്ളവരെ അനുഗ്രഹിച്ചു പ്രാർത്ഥിക്കുക
21. ദൈവത്തിൽനിന്നും കേട്ടുകൊണ്ട് പ്രാർത്ഥിക്കുക (പ്രാർത്ഥന തുടരുക)
22. പരിശുദ്ധാത്മാവിന്റെ നിറവിലും നിയന്ത്രണത്തിലും പ്രാർത്ഥിക്കുക
23.വാക്കുകൾകൊണ്ട് പ്രകടിപ്പിക്കുവാൻ കഴിയാത്തതിനെ ഹൃദയത്തിൽനിന്നും പകരുക
24. ദൈവീകനിയോഗങ്ങളെ തിരിച്ചറിഞ്ഞുകൊണ്ട് പ്രാർത്ഥിക്കുക
25. ദൈവസാന്നിദ്ധ്യം ആഗ്രഹിച്ചും അതിനായി സമർപ്പിച്ചും പ്രാർത്ഥിക്കുക
26. പ്രാർത്ഥനയിൽ ദൈവസ്നേഹം നിലനിർത്തുക
27. നിഷ്കളങ്കമായി പ്രാർത്ഥിക്കുക
28. സംശയം കൂടാതെ പ്രാർത്ഥിക്കുക.

പ്രാർത്ഥനയിൽ ഒഴിവാക്കേണ്ടുന്ന ഘടകങ്ങൾ

1.മറ്റുള്ളവരിൽനിന്നും കേട്ടുപഠിച്ച ഉരുവിടലുകൾപ്രാർത്ഥനയിൽ ഉൾകൊള്ളിക്കാതിരിക്കുക
2.ആവശ്യങ്ങളേക്കാളുപരിയായിആവേശം പ്രാർത്ഥനയിൽ ആവശ്യമില്ല
3.സ്വയത്തിൽനിന്നുകൊണ്ടുപ്രാർത്ഥിക്കാതിരിക്കുക

4.വാക്കുകളുടെപ്രാസങ്ങൾ നിർമ്മിച്ചുകൊണ്ടുള്ള പ്രാർത്ഥന ശീലം ഒഴിവാക്കുക
5.അറിവിൽനിന്നും കഴിവിൽനിന്നും പ്രാർത്ഥിക്കാതിരിക്കുക
6.മുൻവിധിയോടെപ്രാർത്ഥിക്കരുത്
7.കുത്തുവാക്കുകളുംപഴിപറച്ചിലുകളും പ്രാർത്ഥനയിൽ ഒഴിവാക്കുക (ജീവിതത്തിലും)
8.അർത്ഥമറിയാതെയുള്ളവാക്കുകൾ പ്രാർത്ഥനയിൽ ഉപയോഗിക്കാതെയിരിക്കുക
9.ചുറ്റുമുള്ളവരുടെശ്രദ്ധ (മനപ്പൂർവമായി) ആകർഷിക്കുന്ന പ്രാർത്ഥന ഒഴിവാക്കുക
10.തന്നേയുംപ്രിയപ്പെട്ടവരെയും മാത്രം ഉയർത്തിയുള്ള പ്രാർത്ഥന ഒഴിവാക്കുക
11.മനുഷ്യപ്രസാദത്തിനായുള്ള പ്രാർത്ഥന ഒഴിവാക്കുക
12.അനാവശ്യമായപ്രയോഗങ്ങളോ സുബോധമില്ലാത്ത പ്രാർത്ഥനചര്യകളോ ഉപേക്ഷിക്കുക.
13.ദൈവത്തിന്റെ മഹത്വത്തെ ആഗ്രഹിക്കാത്ത നേട്ടങ്ങൾക്കായുള്ള പ്രാർത്ഥന ഒഴിവാക്കുക
14.ദൈവീക പദ്ധതികൾക്കു പുറമെയുള്ള വിഷയങ്ങളെ പ്രാർത്ഥിക്കാതെയിരിക്കുക.

പലപ്പോഴും നമ്മുടെ ജീവിതത്തെക്കാളും നൂറുമടങ്ങു ശോഭയുള്ളതാണ് നമ്മുടെ പ്രാർത്ഥന. അതായതു, നമ്മുടെ പ്രാർത്ഥനകളിൽ നാം നല്ലവരും, നന്മ കാംക്ഷിക്കുന്നവരും, നന്ദിയുള്ളവരും പരോപകാരികളും നല്ലവാക്കുപറയുന്നവരും കുറ്റമില്ലാത്ത കൈകൾ ഉള്ളവരുമൊക്കെയാണ്. എന്നാൽ പ്രാർത്ഥന അവസാനിക്കുന്ന ഇടത്തു മേൽപ്പറഞ്ഞ എല്ലാ മൂടുപടവും നീക്കിക്കളഞ്ഞുകൊണ്ടു 'യഥാർത്ഥ നമ്മെ' ധരിച്ചുകൊണ്ടാണ് നാം ജീവിതത്തിലേക്ക് വരുന്നത്. ഇതിനെ വിശുദ്ധ ബൈബിൾ വിളിക്കുന്നത് കപടഭക്തി എന്നാണ്

ലൂക്കോസ് 18 : 9-14
9.തങ്ങൾനീതിമാന്മാർ എന്നു ഉറെച്ചു മറ്റുള്ളവരെ ധിക്കരിക്കുന്ന ചിലരെക്കുറിച്ചു അവൻ ഒരു ഉപമപറഞ്ഞതെന്തെന്നാൽ:
10.രണ്ടു മനുഷ്യർ പ്രാർത്ഥിപ്പാൻ ദൈവാലയത്തിൽ പോയി; ഒരുത്തൻ പരീശൻ, മറ്റവൻ ചുങ്കക്കാരൻ.
11.പരീശൻ നിന്നുകൊണ്ടു തന്നോടു തന്നെ: ദൈവമേ, പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ മുതലായ ശേഷം മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനെപ്പോലെയോഞാൻ അല്ലായ്കയാൽ നിന്നെ വാഴ്ത്തുന്നു.
12.ആഴ്ചയിൽ രണ്ടുവട്ടം ഉപവസിക്കുന്നു; നേടുന്നതിൽ ഒക്കെയും പതാരം കൊടുത്തുവരുന്നു; എന്നിങ്ങനെ പ്രാർത്ഥിച്ചു.
13.ചുങ്കക്കാരനോ ദൂരത്തു നിന്നുകൊണ്ടു സ്വർഗ്ഗത്തേക്കു നോക്കുവാൻപോലും തുനിയാതെ മാറത്തടിച്ചു: ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകേണമേ എന്നു പറഞ്ഞു.
14.അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി; മറ്റവൻ അങ്ങനെയല്ല. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും" എന്നു ഞാൻ നിങ്ങളോടു പറയുന്നു.

പറഞ്ഞുവന്നതിന്റെഅർത്ഥം, നമ്മുടെ നാം കപടഭക്തിക്കാരായത് നാം വിശ്വസിക്കുന്ന ദൈവത്തിന്റെ പ്രശ്നംകൊണ്ടല്ല. നമ്മെ നടത്തിയ വ്യക്തികൾ അവിടെ ഉത്തരവാദികളല്ല, നാം പങ്കെടുക്കുന്ന ആരാധനയുടെയോ പ്രാർത്ഥനാലയത്തിന്റേയോ പ്രശ്നമല്ല. പിന്നെയോ, നാം ദൈവത്തിന്റെ മുൻപിൽകഴിക്കുന്ന പ്രാർത്ഥയിൽപോലും നമ്മുടെ യഥാർത്ഥ നാറ്റം വമിച്ച അവസ്ഥയെ ദൈവത്തോട് ഏറ്റുപറയാതെ അവിടെ ധരിക്കുന്ന 'നല്ലവന്റെ വസ്ത്രം' മൂലമാണ്.

സങ്കീർത്തനങ്ങൾ 32:5
5.ഞാൻ എന്റെ പാപം നിന്നോടറിയിച്ചു; എന്റെ അകൃത്യം മറെച്ചതുമില്ല എന്റെ ലംഘനങ്ങളെ യഹോവയോടു ഏറ്റു പറയും എന്നു ഞാൻ പറഞ്ഞു; അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചുതന്നു.

നാം എന്തായിരിക്കുന്നുവോ അതിൽ വരുന്ന സകലപരാജയങ്ങളെയും തുറന്നുപറയേണ്ടുന്ന ഇടമാണ് നമ്മുടെ പ്രാർത്ഥന. വാസ്തവത്തിൽ, ഒരു രോഗി രക്തംവാർന്നും പുഴുവരിച്ച വ്രണങ്ങളുമായി വൈദ്യന്റെ അടുക്കലേക്കു പ്രത്യാശയോടെ കയറിചെല്ലുപോലെ നാം യഥാർത്ഥ വൈദ്യനായ യേശുവിന്റെ അടുക്കലേക്കു നമ്മുടെ സകല പാപമെന്ന വ്രണങ്ങളുമായും രക്തം വാർന്ന മുറിഞ്ഞ ഹൃദയവും കൊണ്ടാണ് കടന്നുചെല്ലേണ്ടുന്നത്.

കടന്നു വരുന്ന രോഗി താൻ കാണുവാൻപോകുന്ന വൈദ്യനിൽ വിശ്വസിക്കുന്നപോലെ നാമും നമ്മെ പാപത്തിൽനിന്നും നമ്മെ വീണ്ടെടുത്ത യേശുവിൽ വിശ്വസിക്കുകയും പ്രത്യാശവയ്ക്കുകയും വേണം. നോക്കുക, പരിമിതികൾ കൂടാതെ വ്യവസ്ഥകൾ കൂടാതെ നമ്മെ സ്നേഹിച്ചുകൊണ്ടു പരിചരിക്കുന്ന ദൈവമാണ് നമുക്കുള്ളത്. യേശു നമുക്ക് തന്റെ രക്സ്തമെന്ന മറുവിലകൊടുത്തുകൊണ്ടു നമ്മെ അവനായി വിലയ്ക്കുവാങ്ങി. അതായതു, നമ്മുടെ ഈ പാപമെന്ന കഷ്ടമെന്ന കഠിനശോധനയെന്ന അവസ്ഥയെ പരിചരിക്കുന്ന ദൈവത്തിനു നാം വിലകൊടുക്കേണ്ടതില്ല. മറിച്ചു എന്നെന്നേക്കുമായി നമ്മുടെ വില ആ വൈദ്യനായയേശു കൊടുത്തുകൊണ്ട് നമ്മെ രോഗത്തിൽനിന്നും ശാപത്തിൽനിന്നും നിത്യനരകത്തിൽനിന്നും വീണ്ടെടുത്തു രക്ഷിച്ചിരിക്കുന്നു.

എഫെസ്യർ 2:4-5
4.കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാ സ്നേഹംനിമിത്തം
5.അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടു കൂടെ ജീവിപ്പിക്കയും — കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു —

പ്രാർത്ഥന എന്നത് അഴുക്കുചാലിന്റെ ശുചീകരണത്തോടു സമമാണ്. നമ്മുടെ ജീർണിച്ച അവസ്ഥകൾ ഒരു മനുഷ്യനു മനസ്സിലാക്കുന്നതിനും അവയ്ക്കു പോംവഴി നിർദ്ദേശിക്കുന്നതിനും പരിമിതികളുണ്ട്. മനുഷ്യമനസ്സിന് നൽകുവാൻ കഴിയാത്ത സമാധാനമാണ് യേശുക്രിസ്തു നമുക്കായി നൽകിയ നിത്യ സമാധാനം.

യേശുവിൽ വിശ്വസിക്കുന്ന ഏതൊരുവനും ഈ സമാധാനം ദൈവം ദാനമായി നൽകുന്നു. അതായതു, യേശു വസിക്കുന്ന ആലമാകുന്ന നമ്മളിൽ ദൈവത്തിന്റെ സമാധാനം എപ്പോഴും വാഴുന്നു.

നമ്മുടെ വീട്ടിലേക്കു ഒരു അഥിതി വരുന്നുവെന്നു ചിന്തിക്കുക. ആ അഥിതി കുറച്ചുദിവസങ്ങൾ നമ്മുടെ വീട്ടിൽ താമസിക്കുന്നുവെന്നും കരുതുക. എങ്ങനെയായിരിക്കും ആ അഥിതിയോടുള്ള നമ്മുടെ ആദ്യദിവസങ്ങളിലെ പ്രതികരണങ്ങൾ ? തികച്ചും ഔപചാരികമായ സംഭാഷണങ്ങളും രീതികളും നാം ആ സാഹചര്യങ്ങളിൽ അവലംബിച്ചേക്കാം. എന്നാൽ അതേ അഥിതി നമ്മുടെകൂടെ എന്നന്നേക്കുമായി സ്ഥിരതാമസമാക്കുന്നു എന്നു കരുതുക. നാം എല്ലാ ഔപചാരികതകളും അവസാനിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെകൂടെ 'നാം, നാം ആയി' ജീവിച്ചുതുടങ്ങും.

ഇതുതന്നെയാണ് നമുക്കു ദൈവത്തോടും പ്രാർത്ഥനയിൽ ഉണ്ടാകേണ്ടുന്ന ബന്ധം. നമ്മുടെ പ്രാർത്ഥനയുടെ ആദ്യദിനങ്ങൾ ഓർക്കുക. മുറിഞ്ഞ ചിലവാക്കുകളോടും സജ്ജമാകാത്ത നാവോടുംകൂടെയായിരിക്കും നാം പ്രാർത്ഥന ആരംഭിച്ചത്. ശേഷം എന്താണ് സംഭവിച്ചത്? ദൈവത്തെക്കുറിച്ചും തിരുവചനത്തെക്കുറിച്ചും നാം അറിഞ്ഞുതുടങ്ങി. അനേകം ആളുകളുടെ ആയിരമായിരം രീതികളിലുള്ള പ്രാർത്ഥന നാം കേട്ടു. ചിലതിനോട് ഇഷ്ടവും മറ്റു ചിലതിനോട് ഇഷ്ടക്കുറവും അനുഭവപ്പെട്ടു. അതിനു ശേഷം നാം അവയിൽനിന്നെല്ലാം കടംകൊണ്ട ചില നല്ല രീതികളെ നാം കൂട്ടുപ്പിടിച്ചിട്ടുണ്ടാവും (എല്ലാവരുടെയും അവസ്ഥ ഇങ്ങനെയാണെന്നല്ല!). ഇപ്രകാരം നമ്മുടെ പ്രാർത്ഥനകളിൽ അനേകായിരം കാര്യങ്ങൾ കൂടിക്കഴിഞ്ഞു. പക്ഷേ നാം മുൻപു പറഞ്ഞപോലെ അഥിതി നമ്മുടെവീട്ടിൽ സ്ഥിരതാമസ്സമാക്കിയത് അറിയാത്തപോലെ, നാം 'ബന്ധത്തിൽ നിന്നു പ്രാർത്ഥിക്കാൻ' കഴിയാത്ത ഒരു ഔപചാരികപ്രാർത്ഥനയിൽത്തന്നെ ഒതുക്കപ്പെട്ടുപോയി. നോക്കൂ, മേൽപ്പറഞ്ഞ പ്രാർത്ഥനയുടെ ആവശ്യമായതും ആവശ്യമില്ലതുമായ ഘടകങ്ങൾ നമുക്കു ബുദ്ധികൊണ്ട് സൂക്ഷിക്കുവാൻ ഒരിക്കലും കഴിയുകയില്ല. എന്നാൽ ദൈവത്തോടുള്ള ബന്ധത്തിൽ നാം വളരുമ്പോൾ നമ്മുടെ പ്രാർത്ഥനയും അതോടൊപ്പം വളരും. ഈ വളർച്ചയാണ് ദൈവഹിതപ്രകാരമുള്ള പ്രാർത്ഥനയായിത്തീരുന്നത്.

ഈ പ്രാർത്ഥനയുടെ മറുപടിയെക്കാളും ശ്രേഷ്ഠമായിരിക്കും ഇപ്രകാരം പ്രാർത്ഥിക്കുമ്പോഴുണ്ടാകുന്ന ദൈവീക മഹത്വം. ഈ ദൈവഹിതപ്രകാരമുള്ള പ്രാർത്ഥനയാൽ, നാംദിവ്യസ്വഭാവത്തിനു കൂട്ടാളികൾ ആകേണ്ടതിനായുള്ളബോദ്ധ്യം നമ്മിലേക്ക് പകരപ്പെടുവാൻ ഇടയാകും.

നമുക്കുപ്രാർത്ഥിക്കാം, നല്ല ദൈവമേ, അങ്ങയുടെ ഹിതമറിഞ്ഞുകൊണ്ടു അനുദിനം അങ്ങയോടുള്ള ബന്ധത്തിൽനിന്നുകൊണ്ടു പ്രാർത്ഥിക്കാൻ എന്നെ പഠിപ്പിക്കേണമേ. നിഷ്ക്കളങ്കമായി പ്രാർത്ഥിപ്പാനും പ്രാർത്ഥനയിൽ ദിനംതോറും വളർന്നുവരുവാനും എന്നെ അങ്ങ് സഹായിക്കേണമേ. അങ്ങയോടുള്ള എന്റെ ഓരോ പ്രാർത്ഥനയിലും അങ്ങയുടെ തേജസ്സും മഹിമയും അങ്ങുതന്നെ വെളിപ്പെടുത്തേണമേ. ഈ ഭൂമിയിൽ ഞാൻ ഒറ്റക്കിരുന്നു പ്രാർത്ഥിക്കുമ്പോഴും അങ്ങയുടെ സ്വർഗ്ഗീയസൈന്യത്തോടുചേർന്നു ശക്തിയോടെ പ്രാർത്ഥിപ്പാൻ പരിശുദ്ധാത്മാവിനാൽ എന്നെ ബലപ്പെടുത്തേണമേ. ആമേൻ.

-ജിബി തോമസ്

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ

യാക്കോബെന്ന തന്റെ പിതാവു നൽകിയ നിലയങ്കിയെക്കാളും ശോഭ, തന്നെക്കുറിച്ചുള്ള ദൈവീക ദർശനത്തിനുണ്ടായിരുന്നുവെന്നു യോസേഫ് തന്റെ ഹൃദയത്തിൽ ഗ്രഹിച്ചിരുന്നു.

ഭൗമികമായി നാം കാണുന്ന സകാലത്തേക്കാളും വലുതാണ് ദൈവം നമ്മെക്കുറിച്ചു കാണുന്ന സ്വപ്നം എന്ന തിരിച്ചറിവിലേക്ക് ആത്മീയജീവിതം എപ്പോഴും വളർന്നുകൊണ്ടേയിരിക്കും.

Joseph realized in his heart that the divine vision about him was more glorious than the colorful coat that his father Jacob had given him.

Spiritual life will always grow towards the realization that God's dream for us is greater than anything we can see in the physical world.

- Divine Hope Missionaries (Bristol,UK)

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL